# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം

നമ്പർ : 353. 10..4..2013-ൽ മറുപടിക്ക്

## പാലിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്:<br>ശ്രീ. റ്റി.എൻ. പ്രതാപൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ. വി.ഡി. സതീശൻ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) |
| (എ) പാലിൽ നിന്നും ഉൽപാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിനും കയറ്റുമതിക്കുമായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) ക്ഷീരവികസന വകുപ്പ് മുഖേന വ്യക്തികൾക്ക് പാലിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. കൂടാതെ, ക്ഷീര സംഘങ്ങൾക്ക് പാലിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള ധന സഹായവും നല്കി വരുന്നുണ്ട്.<br><br>മിൽമയുടെ മലബാർ മേഖലാ യൂണിയൻ ക്ഷീരകർഷകരിൽ നിന്നും പാൽ സംഭരിച്ച് പാക്കറ്റു കളിലാക്കിയും, തൈര്, സംഭാരം, നെയ്യ്, പേഡ, പാലട മിക്സ്, ഫ്ലേവേർഡ് മിൽക്ക്, ഐസ്ക്രീം, ബട്ടർ എന്നീ മൂല്യവർദ്ധിത ഉൽപന്നങ്ങളായി കേരളത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നുണ്ട്. പുറം രാജ്യങ്ങളിലേയ്ക്ക് നെയ്യ് കയറ്റുമതി ചെയ്യുന്നുണ്ട്. കയറ്റുമതി ലക്ഷ്യമാക്കി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള അന്തർദേശീയ സ്റ്റാന്റേർഡ് ആയ ISO 22000:2005 അംഗീകാരമുള്ള ഡയറി പ്ലാന്റുകളിൽ ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ, എക്സ്പോർട്ട് ഇൻസ്പെക്ഷൻ കൗൺസിലിന്റെ അംഗീകാരം, എല്ലാ ഡയറികളിലും ഉന്നതനിലവാരമുള്ള മെഷിനറികൾ ഉപയോഗിച്ചുള്ള Quality Control System എന്നിവ മലബാർ യൂണിയൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം ശക്തമാക്കുന്നതിനായി മിൽമയുടെ മേഖലാ യൂണിയനുകൾ സ്വന്തമായുള്ള ബൂത്തുകൾ വഴിയും ഹോൾസെയിൽ |

ഡിസ്ട്രിബ്യൂട്ടർമാർ വഴിയും, നേരിട്ടും ഉൽപ്പന്ന വിതരണം നടത്തുന്നു. വിപണനം ശക്തിപ്പെടുത്തുന്നതിനായി ബൂത്തുകളിലും ഡീലർമാർക്കും, ഫ്രീസർ, കൂളർ എന്നിവയും, പഫ് ബോക്സുകളും, പ്രൊമോഷൻ മെറ്റീരിയലുകളും ഫ്രീയായും സബ്സിഡി നിരക്കിലും നല്കിവരുന്നു. ഇതിനു പുറമേ എഫ്.എം. റേഡിയോ, പത്രം, റ്റി.വി. മുതലായ മാർഗ്ഗങ്ങളിലൂടെ ഉല്പന്നങ്ങളെക്കുറിച്ച് പരസ്യം നല്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി സഹകരണ ക്ഷീരോല്പാദന യൂണിറ്റുകളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ബി) ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പാലിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നുണ്ട്.

മിൽമയുടെ മലബാർ മേഖലാ യൂണിയൻ ഉല്പന്ന നിർമ്മാണത്തിനാവശ്യമായ പാൽ സംഭരിക്കുന്നത് മേഖലയിലെ ക്ഷീര സഹകരണ സംഘങ്ങളിലൂടെയാണ്. ആയതിനുവേണ്ടി സംഘങ്ങളെ സാങ്കേതികമായി ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളായ ഐ.ഡി.ഡി.പി., സി.എം.പി. തുടങ്ങിയ കേന്ദ്രസർക്കാർ പദ്ധതികളുപയോഗിച്ച് ധനസഹായം നല്കുന്നു.

(സി) എന്തെല്ലാം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ ക്ഷീരസംഘങ്ങൾ ഐസ്ക്രീം, Sipup, yoghurt, Kulfi, വെണ്ണ, നെയ്യ്, തൈര്, സംഭാരം തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്.

മിൽമയുടെ മലബാർ മേഖലാ യൂണിയൻ തൈര്, സംഭാരം, നെയ്യ്, പേഡ, പാലട മിക്സ്, ഫ്ലേവേർഡ് മിൽക്ക്, ഐസ്ക്രീം, ബട്ടർ എന്നീ മൂല്യവർദ്ധിത ഉല്പന്നങ്ങളും, എറണാകുളം മേഖലാ യൂണിയൻ തൈര്, നെയ്യ്, ഐസ്ക്രീം, പേഡ, yoghurt എന്നിവയും തിരുവനന്തപുരം മേഖലാ യൂണിയൻ ഐസ്ക്രീം, ഫ്ലേവേർഡ് മിൽക്ക്, മിൽക്ക് ലോലി, പേഡ, പനീർ എന്നിവയും ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നു.

| | |
|---|---|
| (ഡി) എന്തെല്ലാം സഹായങ്ങളാണ് ഇതിനു വേണ്ടി നല്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തിയും ആർ.കെ.വി.വൈ. പദ്ധതിയിൽപ്പെടുത്തിയും ക്ഷീര സഹകരണ സംഘങ്ങൾക്ക് പാലിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ പ്ലാന്റുകൾ നിർമ്മിക്കുന്നതിനും ധന സഹായം നല്കിവരുന്നുണ്ട്. കൂടാതെ കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വിവിധ ക്ഷീരസഹകരണ യൂണിയനുകൾ വഴിയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം എന്നിവ ശക്തിപ്പെടുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**